## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 27. 08/06/2015 ൽ മറുപടി പറയേണ്ടത്

### പേഴ്സണൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂൾസ് പരിഷ്കരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം.ഉമ്മർ | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) | മന്ത്രിമാരുടെയും മറ്റും പേഴ്സണൽ സ്റ്റാഫിൽ ജോലി നോക്കുന്നവരുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതു സംബന്ധിച്ച നടപടി എത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | എ) യും ബി) യും | മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസിലെ ഭേദഗതി സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും മറ്റും പേഴ്സണൽ സ്റ്റാഫിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവർക്ക് അവരുടെ മാതൃസ്ഥാപനത്തിൽ ലഭിക്കുന്ന ശമ്പളത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. |
| ബി) | പ്രസ്തുത നിയമം അനുസരിച്ച് ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ളവർക്ക് ആ തസ്തികയുടെ മിനിമം ശമ്പളം പോലും നിഷേധിക്കപ്പെടുന്ന അവസ്ഥ കണക്കിലെടുത്ത് യോഗ്യതയുടെ അടിസ്ഥാനത്തിൽ, ജോലി നോക്കുന്ന തസ്തികയുടെ മിനിമം ശമ്പളമെങ്കിലും ലഭിക്കത്തക്ക വിധം നിയമത്തിൽ ആവശ്യമായ മാറ്റം വരുത്തുമോ? | | |

സെക്ഷൻ ഓഫീസർ